## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4169   18.10.2011-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബെന്നി ബെഹനാൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, വർക്കല കഹാർ** | | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരുന്നത്; | (എ) | ടൂറിസം വകുപ്പിനാണ് ഫെസ്റ്റിവലിന്റെ നടത്തിപ്പ് ചുമതല. ബഹു.മുഖ്യമന്ത്രി ചെയർമാനായുള്ള ഉന്നതാധികാര സമിതിയും, പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയുമാണ് തീരുമാനങ്ങളെടുക്കുന്നത്. വ്യവസായ വകുപ്പിന്റെ സഹകരണവും ഫെസ്റ്റിവലിന്റെ നടത്തിപ്പിനുണ്ട്. |
| (ബി) | പ്രസ്തുത ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് വ്യവസ്ഥാപിത സംവിധാനത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വകുപ്പിനു കീഴിൽ; അതിന്റെ ഘടന എന്തായിരിക്കും; | (ബി) | നിലവിലുള്ള വ്യവസ്ഥാപിത സംവിധാനത്തിൽ നിന്ന് മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (സി) | എൻ.ആർ.ഐ.കൾക്ക് നികുതി ഇളവ് നൽകുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന ലാഭം വെളിപ്പെടുത്തുമോ; | (സി) | കേരളത്തിന് പുറത്തു നിന്നും വിദേശത്ത് നിന്നും എത്തി ഫെസ്റ്റിവൽ സമയത്ത് ഷോപ്പിംഗ് നടത്തുന്ന എൻ.ആർ.ഐ കൾക്കും മറ്റ് വിദേശ |

സന്ദർശകർക്കും നിബന്ധനകൾക്ക് വിധേയമായി നികുതി തിരികെ നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ തരത്തിൽ നികുതി നൽകുന്നത് ബന്ധപ്പെട്ട സ്പോൺസേർഡ് ബാങ്ക് നൽകുന്ന തുകയിൽ നിന്നുമാണ്. സർക്കാർ ഫണ്ട് ഇതിനായി ഉപയോഗിക്കുന്നില്ല. നികുതി തിരികെ നൽകുന്നതുവഴി കേരളത്തിന് പുറത്തും, വിദേശത്തു നിന്നുമുള്ള ടൂറിസ്റ്റുകളെ കൂടുതലായി ഫെസ്റ്റിവൽ സമയത്ത് ആകർഷിക്കുകയും അതുവഴി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അവസരമൊരുങ്ങുകയും ചെയ്യും.

(ഡി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഉദ്ദേശിച്ച ഫലം ചെയ്തിട്ടില്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ല.

(ഇ) ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ മാതൃകയിൽ ആസൂത്രിതവും സമഗ്രവുമായ രീതിയിൽ ഷോപ്പിംഗ് ഫെസ്റ്റിവൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

(ഇ) ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ മാതൃകയിൽ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ